ഉത്തരം

(എ)&(ബി) പൊതുമേഖലയിൽ 2-ഉം കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള 5-ഉം വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്. കൂടാതെ മധുരാ കോട്സ് സൗത്ത് ഇൻഡ്യൻ വയർ റോപ്സും തുറന്നിട്ടുണ്ട്.

പൊതുമേഖല

1. കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.
2. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ 'എ' ഡിവിഷൻ

കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ളവ

1. ജി.പി.പി. ബിവറേജസ് ആന്റ് ഫുഡ്സ് ലിമിറ്റഡ്, തിരുവനന്തപുരം.
2. അഹിലിയേറ്റഡ് മെഡിക്കൽ എക്യുപ്മെന്റ്സ് ലിമിറ്റഡ്, എറണാകുളം.
3. വെസ്റ്റേൺ എഡിബിൾ ഓയിൽ കോംപ്ലക്സ് ലിമിറ്റഡ്, വയനാട്.
4. സാലാർ സോൾവന്റ് എക്സ്ട്രാക്ഷൻസ് ലിമിറ്റഡ്, പാലക്കാട്.
5. ടീക്ടെക്സ് പ്രോസസിംഗ് കോംപ്ലക്സ് ലിമിറ്റഡ്, പാലക്കാട്

(സി)&(ഡി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ രണ്ടിനും കൂടി 20 കോടിയിൽപ്പരം രൂപാ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള ടീക്ടെക്സ് പ്രോസസിംഗ് കോംപ്ലക്സിനായി 200 പ്രിഫറൻസ് ഷെയർ ക്യാപിറ്റൽ നടത്തിയിട്ടുണ്ട്.

(ഇ) 1216 പേർ. മധുര കോട്സിൽ 480 പേരെ തൽക്കാലം നിയമിച്ചിട്ടുണ്ട്. ഇത് 850 ആയി വർദ്ധിപ്പിക്കും. സൗത്ത് ഇൻഡ്യൻ വയർ റോപ്സിൽ 125.

(എഫ്)&(ജി)

| | |
|---|---|
| കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ് | 29 |
| 1. സൂപ്പർ വിഷൻ സ്റ്റാഫ് | 18 |
| 2. എക്സിക്യൂട്ടീവ് | 09 |
| 3. സീനിയർ എക്സിക്യൂട്ടീവ് | 02 |
| കെ.എസ്.ഡി.പി. ലിമിറ്റഡ് | 76 |
| 1. സൂപ്പർവിഷൻ സ്റ്റാഫ് | 57 |
| 2. എക്സിക്യൂട്ടീവ് | 14 |
| 3. സീനിയർ എക്സിക്യൂട്ടീവ്സ് | 05 |

കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ള വ്യവസായങ്ങളും സൗത്ത് ഇൻഡ്യൻ വയർറോപ്സും മധുര കോട്സും എല്ലാം സ്വകാര്യ ഉടമയിലുള്ളവയായതിനാൽ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമല്ല.

**9 (1235) പുതിയ വ്യവസായ സ്ഥാപനങ്ങൾ**

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പുതിയതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ പ്രവർത്തനം ആരംഭിച്ചവ എത്ര;

(സി) 25 ലക്ഷത്തിന് താഴെ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(ഡി) 25 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയിൽ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(ഇ) 50 ലക്ഷത്തിനും ഒരു കോടിയ്ക്കുമിടയിൽ മുതൽമുടക്കു വരുന്ന സ്ഥാപനങ്ങൾ എത്ര;

(എഫ്) ഒരു കോടിയിൽ കൂടുതൽ മുതൽ മുടക്കുള്ള സ്ഥാപനങ്ങൾ എത്ര;

(ജി) ഈ സ്ഥാപനങ്ങളിലെല്ലാം കൂടി തൊഴിൽ സാധ്യത എത്ര യെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വൻകിട ഇടത്തരം വ്യവസായ മേഖലയിൽ കെ.എസ്.ഐ.ഡി.സി. നിക്ഷേപ തീരുമാനമെടുത്തിട്ടുള്ള വ്യവസായങ്ങൾ 130 എണ്ണം ആണ്. ചെറുകിട വ്യവസായ മേഖലയിൽ 56598 വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ടെക്നോപാർക്കിൽ 25 പുതിയ കമ്പനികൾ വന്നിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിലുള്ള നിക്ഷേപ തീരുമാനമെടുത്ത 130 വ്യവസായങ്ങളിൽ 59 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥിരം രജിസ്ട്രേഷൻ നൽകിയ എല്ലാ ചെറുകിട വ്യവസായ സ്ഥാപനങ്ങളും പ്രവർത്തനം ആരംഭിച്ചവയാണ്. ടെക്നോപാർക്കിലെ 25 കമ്പനികളും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 4 എണ്ണം.

(ഡി) ഏഴ് (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 6-ഉം കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ വരുന്ന ഒന്നും)

(ഇ) 16 എണ്ണം (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 4-ഉം കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ളവയിൽ 12-ഉം)

(എഫ്) 128 എണ്ണം. (ടെക്നോപാർക്കിൽ ആരംഭിച്ചവയിൽ 11-ഉം കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ളവയിൽ 117-ഉം)

(സി)മുതൽ(എഫ്) വരെയുള്ള ചോദ്യങ്ങൾക്ക്, ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഉണ്ട്. 223214 പേർക്ക് തൊഴിലവസരങ്ങൾ ഉണ്ടാകും.

**10 (1236) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി**

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly